# അനുബന്ധ പഠനങ്ങൾ

ഡേവിഡ് റോപ്പെർ

# “ഞാൻ ഒരു പൗരൻ ആകുന്നു”

## (22:27, 28)

അവൾ സംസാരിച്ചപ്പോൾ അവളുടെ കണ്ണിൽ വെളിച്ചം പരന്നു: “എനിക്കു വളരെ, വളരെ ദേഷ്യം വന്നു!” ബുക്കാറെസ്റ്റിലെ തെരുവുകുട്ടികളെക്കുറിച്ചുള്ള ഒരു ലേഖനം *സെൽഫ്* മാഗസിൻ എന്ന പുസ്തകത്തിൽ അച്ചടിച്ചു വന്നതിനെ നിയമവിദ്യാർത്ഥിയായിരുന്ന റുമേനിയക്കാരി, ക്രിസ്റ്റിന ബൂണിയയുടെ, പ്രതികരണമായിരുന്നു അത്. അവൾ പറഞ്ഞു, “ഞങ്ങൾ എല്ലാം രോഗികളും, വീടില്ലാത്തവരും, റുമേനിയയിൽ പ്രത്യാശയില്ലാത്തവരും അല്ല.” “എന്തുകൊണ്ടാണ് ആരും ഞങ്ങളുടെ രാജ്യത്തെ *നല്ല* കാര്യങ്ങളെക്കുറിച്ചു പറയാത്തത്?”[1] എന്നിട്ട് അവൾ റുമേനിയയുടെ മനോഹാരിതയും, വർണ്ണാഭമായ ചരിത്രത്തെക്കുറിച്ചു, ഭാവി ശക്തിയെക്കുറിച്ചുമെല്ലാം സംസാരിച്ചു. റുമേനിയയിലെ പ്രശ്നങ്ങൾ അവൾ സ്വയം സമ്മതിച്ചു - എല്ലാ രാജ്യങ്ങളിലും പ്രത്യേക പ്രശ്നങ്ങൾ ഉണ്ട് - പക്ഷെ വ്യക്തമായും അവൾ റുമേനിയക്കാരി ആയതിൽ അഭിമാനം കൊള്ളും.

വ്യക്തികൾ തങ്ങളുടെ ദേശത്തെ പൗരന്മാർ ആയിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നത് എനിക്ക് എപ്പോഴും സന്തോഷം പകരുന്നുണ്ട്. പൗരത്വം എന്നതു പലപ്പോഴും, വിലയേറിയ ദാനമായാണ് കണക്കാക്കിയിരിക്കുന്നത്. ഈ പാഠത്തിൽ നാം പൗരത്വത്തെക്കുറിച്ചാണ് പഠിക്കുന്നത്: പൗരത്വത്തിന്റെ അവകാശങ്ങളും പൗരത്വത്തിന്റെ ഉത്തരവാദിത്വങ്ങളും.[2]

പ്രവൃത്തികളുടെ പുസ്തകത്തിൽ, താൻ റോമാ പൗരനായതിന്റെ ആവശ്യങ്ങൾക്കായി ശഠിച്ചു.[3] പൗലൊസിനെയും ശിലാസിനെയും ഫിലിപ്പിയയിൽ അന്യായമായി തടവിലാക്കിയശേഷം, അവരെ മോചിപ്പിക്കുവാൻ വന്നരോടു പൗലൊസ്, “റോമാ പൗരന്മാരായ, ഞങ്ങളെ അവർ വിസ്താരം കൂടാതെ, പരസ്യമായി അടിപ്പിച്ചു തടവിലാക്കിയല്ലൊ; ഇപ്പോൾ രഹസ്യമായി ഞങ്ങളെ പുറത്താക്കുന്നുവോ? അങ്ങനെയല്ല! അവർ തന്നെ വന്നു ഞങ്ങളെ പുറത്തു കൊണ്ടു പോകട്ടെ എന്നു പറഞ്ഞു” (16:37).

കോൽക്കാർ ആ വാക്ക് അധിപതികളോടു ബോധിപ്പിച്ചാറെ അവർ

> റോമാ പൗരന്മാർ എന്നു കേട്ടു അവർ ഭയപ്പെട്ടു ചെന്നു, അവരോടു നല്ല വാക്കു പറഞ്ഞു, അവരെ പുറത്തു കൊണ്ടു വന്നു, പട്ടണം വിട്ടു പോകേണം എന്നു അപേക്ഷിച്ചു (16:38, 39).[4]

യെരുശലേമിൽ ഒരു റോമൻ സഹസ്രാധിപൻ പൗലൊസിനെ "ചമ്മട്ടി കൊണ്ട് അടിച്ചു ചോദ്യം ചെയ്യേണം" എന്നു കല്പിച്ചപ്പോൾ (22:24), ആ അടിയെ പൗലൊസ് തടുത്തതു നിസ്സാരമായ ഒരു ചോദ്യത്തിലൂടെ യാണ്: "റോമാ പൗരനും വിസ്താരം കഴിയാത്തവനുമായ മനുഷ്യനെ ചമ്മട്ടി കൊണ്ട് അടിക്കുന്നതു വിഹിതമോ?" (22:25). പൗലൊസിന്റെ അവ കാശം സഹസ്രാധിപൻ കേട്ടപ്പോൾ, ആദ്യം അവൻ ഏതാണ്ടു സംശ യാലുവായിരുന്നു:

> സഹസ്രാധിപൻ വന്നു, "നീ റോമാ പൗരൻ തന്നെയോ, എന്നോടു പറക?" എന്നു ചോദിച്ചതിനു, "അതെ" എന്നു, അവൻ പറഞ്ഞു. "ഞാൻ ഏറിയ മുതൽ കൊടുത്തു ഈ പൗരത്വം സമ്പാദിച്ചു" എന്നു സഹസ്രാധിപൻ പറഞ്ഞതിനു, "ഞാനോ അങ്ങനെ ജനിച്ചിരി ക്കുന്നു" എന്നു, പൗലൊസ് പറഞ്ഞു (22:27, 28).[5]

എങ്ങനെയായാലും, ഒരിക്കൽ പൗലൊസിന്റെ പൗരത്വം സ്ഥീരികരിച്ചു കഴിഞ്ഞാൽ, പിന്നെ എത്രയും വേഗം അവനെ ബന്ധനത്തിൽ നിന്നും അഴിക്കുവാൻ കഴിയണം. "സഹസ്രാധിപനും ... അവൻ റോമാപൗരൻ എന്നു അറിഞ്ഞപ്പോൾ, അവനെ ബന്ധിച്ചതുകൊണ്ട് ഭയപ്പെട്ടു" (22:29).

പൗലൊസിനെ വിചാരണക്കായി യെരുശലേമിൽ അയക്കണമെന്നു ദേശാധിപതി ആയിരുന്ന ഫെസ്തൊസ് കല്പിച്ചപ്പോൾ (പൗലൊസിന്റെ ആരോഗ്യസ്ഥിതി അനുസരിച്ചു അപകടസാദ്ധ്യതയുള്ളത്), പൗലൊസ് അതിനെ തടസപ്പെടുത്തിക്കൊണ്ട്, "ഞാൻ കൈസരെ അഭയം ചൊ ല്ലുന്നു" എന്നു പറഞ്ഞു (25:11).[6]

പൗരത്വാവകാശ നേട്ടങ്ങളെക്കുറിച്ചും ക്രിസ്ത്യാനി അതു ശരിയായി ഉപയോഗിക്കേണ്ടതുമായ അവകാശത്തെക്കുറിച്ച് ചിലതു ഈ സംഭവങ്ങൾ പറയുന്നു. ഒരു അപ്പൊസ്തലൻ എന്ന നിലയിൽ പൗലൊസിന്റെ ജീവിത സന്ദർഭങ്ങൾ നാം പഠിച്ചപ്പോൾ, നാം എപ്പോൾ നമ്മുടെ അവകാശങ്ങൾ ഉന്നയിക്കണമെന്നും എപ്പോൾ ഉന്നയിക്കരുതെന്നും അവ നമുക്ക് ഉൾക്കാഴ്ച തരുന്നു. നമ്മുടെ പഠന മദ്ധ്യേ, ഒരു പൗരന്റെ ഉത്തരവാദിത്ത ങ്ങളെക്കുറിച്ചു ചില നിർദ്ദേശങ്ങളും നല്കുവാൻ ആഗ്രഹിക്കുന്നു.

**പൗരന്റെ അവകാശങ്ങൾ**

പുതിയ നിയമകാലത്ത് റോമാ പൗരത്വത്തിനു വലിയ വിലയുണ്ടാ യിരുന്നു. അതുകൊണ്ട് റോമൻ സഹസ്രാധിപനു അതിനു വേണ്ടി വില കൊടുക്കേണ്ടിവന്നു എന്ന വസ്തുത വാസ്തവമായിരുന്നു അതു നേടി എടുക്കാൻ "ഏറിയ മുതൽ കൊടുത്തു" (22:28). റോമാപൗരന്മാർക്കുള്ള അവകാശം എല്ലാവർക്കും ആസ്വദിക്കാൻ കഴിഞ്ഞിരുന്നില്ല. പൗലൊ സിന്റെ റോമാ പൗരത്വം ...

... ലഭിച്ചിരുന്നതു ഒരു പട്ടണത്തിൽ മാത്രം ആയിരുന്നില്ല, പിന്നെയോ [റോമാ] ലോകം മുഴുവനും ചില വലിയ കടപ്പാടുകളിൽ നിന്നുള്ള ഒഴിവുകളും അവകാശങ്ങളും ഉണ്ടായിരുന്നു. പ്രത്യേകിച്ച് ഏതെല്ലാമെന്നു നമുക്ക് അറിഞ്ഞുകൂടാ, എന്നാൽ ... ലജ്ജാകരമായ ശിക്ഷകളിൽ നിന്ന്, ഉദാഹരണമായി ചമ്മട്ടി കൊണ്ടും ചാട്ടകൊണ്ടും ഉള്ള അടിയും, [പ്രത്യേകിച്ച്] ക്രൂശിൽ തറെക്കൽ, എന്നിവയിൽ നിന്നു എല്ലാ [റോമൻ] പൗരന്മാരെയും ഒഴിവാക്കിയിരുന്നു; കൂടാതെ ചില പരിമിതികളോടു കൂടെ കൈസരെ അഭയം നേടുന്നതിനും അവകാശം ഉണ്ടായിരുന്നു.[7]

റോമുമായുള്ള ബന്ധത്തിൽ ഉള്ള അവകാശങ്ങൾ അനവധിയും നിയമവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്, വിസ്താരത്തിനുള്ള അവകാശം, ഒരാൾക്കെതിരെ ചുമത്തപ്പെട്ട കുറ്റം അറിയുവാനുള്ള അവകാശം, കുറ്റം ആരോപിച്ചവരെ നേർക്കുനേർ കാണുന്നതിനുള്ള അവകാശം (25:16) – കൂടാതെ തനിക്കു ന്യായം കിട്ടിയില്ല എന്ന വിശ്വാസമുണ്ടെങ്കിൽ റോമാ ചക്രവർത്തിയെ അഭയം ചൊല്ലുവാനും അവകാശം ഉണ്ട് (25:10–12). നമ്മിൽ പലരും ഈ അവകാശങ്ങൾ ഇപ്പോൾ ആസ്വദിക്കുന്നുണ്ട്, എന്നാൽ ഇവയെല്ലാം പൗലൊസിന്റെ കാലത്തു വിലപ്പെട്ടവയായിരുന്നു.[8] ജെ.ഡബ്ലിയു മെക്ഗാർവെ പറഞ്ഞു, "ഒരു നിയമത്തിന്റെ പ്രസക്തിയിൽ നമുക്കു അതിശയിക്കാൻ കഴിയുന്നതു, അത്, ഉൾപ്രദേശത്തായാലും, തടവുമുറിയിലായാലും, ഉയർന്ന ആയുധങ്ങളിൽ പീഡിപ്പിക്കപ്പെടുന്നതിൽ നിന്നും 'ഞാൻ റോമാ പൗരൻ ആകുന്നു' എന്ന, നിസാരമായ പ്രഖ്യാപനത്താൽ ഇല്ലാതാക്കാൻ കഴിയുമ്പോഴാണ്"[9] ഇതേ നിരീക്ഷകരെ ആർ ബി. റക്കാം പൗലൊസിന്റെ വാക്കുകളുടെ ശക്തമായ ഫലത്തെപ്പറ്റി പറയുന്നു "ഞാൻ കൈസരെ അഭയം ചൊല്ലുന്നു [*സിസേറം അപ്പെല്ലൊ*]": "അങ്ങനെ നിലവിളിച്ച രണ്ടു വാക്കുകളാൽ ... യെഹൂദന്മാരുടെ ശക്തിയിൽ നിന്നു പൂർണ്ണമായും വിടുവിക്കപ്പെട്ടു."[10]

റോമാ പൗരനായ പൗലൊസിന്റെ അവകാശങ്ങളെ നാം പരിഗണിക്കുമ്പോൾ, ഒരു കാര്യം നമ്മെ അമ്പരപ്പിക്കുന്നു: മറിച്ച്, അവൻ ചിലപ്പോൾ തന്റെ അവകാശങ്ങൾ പറയുകയും മറ്റു ചിലപ്പോൾ പറയാതിരിക്കയും ചെയ്യുന്നുണ്ട്. പൗലൊസ് ചില അവസരങ്ങളിൽ തന്റെ അവകാശങ്ങൾ സൂചിപ്പിച്ച സംഭവങ്ങൾ പ്രവൃത്തികൾ 16, 22, 25 എന്നീ അദ്ധ്യായങ്ങളിൽ കാണാം. അവൻ അവകാശങ്ങൾ എല്ലായ്പ്പോഴും ഉന്നയിക്കാതിരിക്കുന്നതിന്റെ വ്യക്തത കുറവാണ്.

താൻ അനുഭവിച്ച അവമാനത്തെക്കുറിച്ചു പൗലൊസ് പറഞ്ഞ പ്രസ്താവനകൾ നോക്കുക. "അസംഖ്യം പ്രാവശ്യം അടികൊണ്ടിട്ടുണ്ട്" എന്നു പറഞ്ഞശേഷം, അവൻ രണ്ടു ഉദാഹരണങ്ങൾ നല്കുന്നുണ്ട്: "യെഹൂദന്മാരാൽ ഞാൻ ഒന്നു കുറയെ നാല്പതു – അടി അഞ്ചു വട്ടം കൊണ്ടു. മൂന്നു വട്ടം കോലിനാൽ അടികൊണ്ടു" (2 കൊരിന്ത്യർ 11:23–25). കോൽ കൊണ്ട് അടിക്കുന്നതു റോമൻ ശിക്ഷയായിരുന്നു. പ്രവൃത്തികൾ 16:22, 23–ൽ, ഫിലിപ്പിയയിൽ വെച്ചു റോമൻ അധിപതികൾ പൗലൊസിനെ കോൽ കൊണ്ട് അടിച്ചതു നാം കണ്ടു; എന്നാൽ മറ്റു രണ്ടു സന്ദർഭ

ങ്ങൾ ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തികൾ 16-ൽ പൗലൊസിനെ അടിച്ച വിവരം നാം പഠിക്കുമ്പോൾ, ഒരു ചോദ്യം നമ്മെ വിഷമത്തിലാക്കുന്നു "എന്തുകൊണ്ട് ... പൗലൊസും ശീലാസും മജിസ്ട്രേറ്റിനോട് തങ്ങൾ റോമാപൗരന്മാരെന്നു പറഞ്ഞു ... മോശമായ പെരുമാറ്റത്തിൽ നിന്നു അവർ മോചനം നേടിയില്ല?" അതിനു നമുക്ക് എത്തിച്ചേരാവുന്നത് "ഒരു പക്ഷെ അവൻ ശ്രമിച്ചു കാണും, എന്നാൽ അധിപതികൾക്ക് അവരെ കേൾക്കാൻ കഴിഞ്ഞില്ല; കാരണം, സാഹചര്യം ബഹളമയമായിരുന്നു."[11] പുരുഷാരം പൗലൊസിനെ ഒരിക്കൽ അടിക്കാൻ തുടങ്ങിയപ്പോഴും ഇങ്ങനെ സംഭവിച്ചിരിക്കണം - എന്നാൽ അങ്ങനെ മൂന്നു പ്രാവശ്യം സംഭവിച്ചോ? സംശയമാണെന്നു തോന്നുന്നു. നമുക്കു പരിഗണിക്കാവുന്ന സാധ്യത, എന്തുകൊണ്ടോ, പൗലൊസ് എല്ലായ്പ്പോഴും റോമാ പൗരൻ എന്ന അവകാശം ഉപയോഗിച്ചിരുന്നില്ല.

പൗലൊസ് എല്ലായ്പ്പോഴും തന്റെ അവകാശങ്ങൾ ഉപയോഗിച്ചില്ല എന്നതു, അവന്റെ ഉപദേശവുമായി പൊരുത്തപ്പെടുന്നു. *ക്രിസ്തുവിൽ നിമിത്തം ഒരു ക്രിസ്ത്യാനി തന്റെ അവകാശങ്ങൾ ഉപേക്ഷിക്കുവാൻ പഠിപ്പിച്ചിട്ടുണ്ട്.* ഉദാഹരണമായി, അവന്റെ 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിലെ, വാക്കുകൾ: 6-ാം അദ്ധ്യായത്തിൽ സഭയുടെ സ്വാധീനത്തെ ബാധിക്കുമെന്നതുകൊണ്ട് ഒരു സഹോദരനു ഹാനികരമായിത്തീരുന്ന വിധം ഒരു സഹോദരനെതിരായി വ്യവഹാരത്തിനുപോകരുത്. "അന്യായം സഹിച്ചുകൊള്ളാത്തതു എന്ത്?" "നഷ്ടം സഹിച്ചുകൊള്ളാത്തത് എന്ത്?" (വാക്യം 7). 8-ാം അദ്ധ്യായത്തിൽ തന്റെ തന്നെ അവകാശം മാംസം ഭക്ഷിക്കുന്നതു തന്റെ സഹോദരനു ഇടർച്ചയാകുന്നു എങ്കിൽ ഞാൻ ഒരുനാളും മാംസം ഭക്ഷിക്കുകയില്ല (വാക്യം 13).[12] 9-ാം അദ്ധ്യായത്തിൽ ഇടവകയുടെ ഗുണത്തിനു വേണ്ടി പൗലൊസ് കൊരിന്തിൽ ശമ്പളം വാങ്ങാത്ത ശുശ്രൂഷ ചെയ്തു (വാക്യങ്ങൾ 1-23).

ചിലപ്പോൾ പൗലൊസ് തന്റെ റോമാപൗരാവകാശം ഉപയോഗിച്ചില്ലെങ്കിൽ, അതെന്തുകൊണ്ട്? നമുക്ക് ആ ചോദ്യം ഒന്നു വിപുലീകരിക്കാം: എന്തുകൊണ്ട് ചിലപ്പോൾ ആ അവകാശങ്ങൾക്കെതിരായി നിർബന്ധം പിടിച്ചു, മറ്റു ചിലപ്പോൾ അവയ്ക്കു മുന്നിൽ ചെന്നു? പൗലൊസ് റോമാ പൗരൻ എന്ന നിലയിൽ അവകാശങ്ങൾക്കു ശഠിച്ചതായി നാം പഠിച്ചുവല്ലൊ, അതു തന്റെ വ്യക്തിപരമായ ഗുണത്തിനായിരുന്നില്ല, പിന്നെ ക്രിസ്തുവിൽ നിമിത്തം ആയിരുന്നു. 16-ാം അദ്ധ്യായത്തിലെ സംഭവത്തെ സംബന്ധിച്ചു, ഞാൻ ഈ നിരീക്ഷണം നടത്തി:

> റോമൻ അധികാരികളോടുള്ള വിരോധം കൊണ്ടായിരുന്നില്ല തന്റെ റോമാ പൗരത്വാവകാശത്തിനായി ധരിക്കാതിരുന്നത് (റോമർ 12:17, 19). മറിച്ചു, യുവാക്കളായ ക്രിസ്ത്യാനികൾക്കു ഒരു രേഖ വിട്ടുകൊടുക്കുന്നതിനായിരുന്നു. അവരുടെ സ്ഥാപകനെ പിടിച്ചു, അടിച്ചു, തടവിലാക്കിയശേഷം, ആരും അറിയാതെ സംശയ നിഴൽ ബാക്കി നിർത്തി കാരണം വ്യക്തമാക്കാതെ വിട്ടയക്കുമ്പോൾ അതു

ധാരാളം പ്രശ്നങ്ങൾ ഉണ്ടാകും (ഫിലിപ്പിയർ 1:28-30).

പൗലൊസ് ചമ്മട്ടികൊണ്ടുള്ള അടിയിൽ നിന്നു രക്ഷപ്പെട്ടപ്പോൾ, ഇതേ പോയിന്റ് ഞാൻ ഊന്നിപ്പറഞ്ഞു:

> പ്രവൃത്തികൾ 21-ാം അദ്ധ്യായത്തിൽ തന്റെ പൗരത്വം പൗലൊസ് അറിയിക്കാൻ കാരണം അവന്റെ മരണത്താൽ, ഉപദ്രവത്താൽ, ഒരു സഹായവും ലഭിക്കുകയില്ലായിരുന്നു. പീഢാനുഭവത്തിൽ ആഹ്ലാദിക്കുന്നവനായിരുന്നില്ല പൗലൊസ്; "രക്തസാക്ഷി ആകേണ്ടതിനു," അവൻ അദ്ധ്വാനിച്ചില്ല. കർത്താവിനിഷ്ടമാണെങ്കിൽ അവൻ മരിക്കാൻ തയ്യാറായിരുന്നു (പ്രവൃത്തികൾ 21:13; ഫിലിപ്പിയർ 1:21, 23), എന്നാൽ അവൻ തന്റെ ജീവൻ അനാവശ്യമായി വലിച്ചെറിയാൻ ആഗ്രഹിച്ചിരുന്നില്ല.

കൂടാതെ, പൗലൊസ് കൈസരെ അഭയം തേടിയതിനെ നാം പരിഗണിച്ചപ്പോൾ, പൗലൊസ് തന്റെ പൗരത്വാവകാശം ഉന്നയിച്ചത് ന്യായാധിപസംഘത്തിന്റെ കൈകളിലുള്ള മരണത്തിൽ നിന്നു രക്ഷപ്പെടുവാനും അങ്ങനെ റോമയിൽ എത്തുന്നതിനും വേണ്ടിയായിരുന്നു (23:11). "ദൈവത്തിന്റെ കരുണയുള്ള കരവും കാണാൻ [കഴിഞ്ഞു] എന്നും ഞാൻ പറഞ്ഞുവല്ലോ" പൗലൊസിന്റെ അഭയം ചൊല്ലലിൽ - ദൈവത്തിന്റെ പദ്ധതികൾക്കും ഉദ്ദേശങ്ങൾക്കും പല സാധ്യതകളും നിരത്തി.

ഒരു സങ്കീർണ്ണമായ പ്രശ്നത്തെ കൂടുതൽ ലഘൂകരിക്കാനായ സാഹസത്തിലാകുമ്പോൾ, കർത്താവിന്റെ വേലക്കു പ്രയോജനപ്പെടുന്ന എല്ലാ സാഹചര്യത്തിലും, പൗലൊസ് തന്റെ റോമാ പൗരത്വാവകാശങ്ങൾ, തന്റെ വ്യക്തിപരമായ ഉന്നയിച്ചിട്ടില്ല, കൂടാതെ/അല്ലെങ്കിൽ തന്റെ ആശ്വാസത്തിനായി ഉപയോഗിച്ചിരുന്നില്ല.

അവകാശങ്ങളോടു പൗലൊസിനുണ്ടായിരുന്ന മനോഭാവം മനസിൽ വെച്ചു, നമുക്കു ഓരോരുത്തർക്കും പഠിക്കുവാനുള്ള ചില പാഠങ്ങൾ ഞാൻ തരട്ടെ:

(1) നിങ്ങൾക്കുള്ള ഏത് അവകാശങ്ങൾക്കും നന്ദിയുള്ളവരാകുക. ചില അവകാശങ്ങൾ "പ്രാപഞ്ചികം" അല്ലെങ്കിൽ "മനുഷ്യാ" വകാശങ്ങളാണ്. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം പറയുന്നത് ഏറ്റവും അടിസ്ഥാനപരമായ "ജീവൻ, സ്വാതന്ത്ര്യം, സന്തോഷം പിൻപറ്റൽ എന്നിവയാണ്."[13] പിന്നെ സ്റ്റെയിറ്റിന് ചില അവകാശങ്ങൾ ഉണ്ട്. അമേരിക്കൻ അവകാശബിൽ ഉണ്ട്[14] അതിൽ സംസാരിക്കുവാനുള്ള സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സംഘം ചേരുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്.[15] അവകാശബില്ലിൽ ഉറപ്പു പറയുന്ന മറ്റൊന്ന് "വേഗത്തിലും പരസ്യവുമായ വിചാരണയാണ്."[16] മറ്റു രാജ്യങ്ങൾ, ഇംഗ്ലണ്ടും ഫ്രാൻസും അടക്കം, അവർക്കും അവകാശ ബില്ലുകൾ ഉണ്ട്. നിങ്ങളുടെ രാജ്യത്തിനും ഇതേ അവകാശങ്ങൾ ഉണ്ടായിരിക്കാം ഇല്ലായിരിക്കാം, പക്ഷെ എന്ത് അവകാശങ്ങൾ നിങ്ങൾക്കുണ്ടെങ്കിലും, നിങ്ങൾ അതിനു നന്ദിയുള്ളവനാകണം.[17]

(2) പൗരനായതുകൊണ്ടുള്ള അവകാശങ്ങൾ വചനപ്രകാരം ഒരു ക്രിസ്ത്യാനി നേട്ടങ്ങൾക്കായി ഉപയോഗിക്കാമെന്ന മാതൃകയാണ് പൗലൊസ് പഠിപ്പിക്കുന്നത് - പ്രത്യേകിച്ച് അതു രാജ്യത്തിന്റെ പുരോഗതിക്കു സംഭാവന നല്കുമെങ്കിൽ ജീവിതത്തിൽ.[18]

(3) ജീവിതത്തിൽ "വരുന്നതു വരട്ടെ" എന്നതു പ്രാധാന്യമുള്ള കാര്യം *അല്ല.* ദേഷ്യമുള്ള ആളുകൾ ലോകത്തിനു എല്ലാം, അവരുടെ തല ആട്ടി മുഷ്ടി ചുരുട്ടി ഇടിച്ച്, "എനിക്ക് ഏറ്റവും നല്ലതു വേണം. എനിക്ക് എന്റെ അവകാശങ്ങൾ അറിയാം, ഞാൻ അതിൽ ഉറച്ചുനില്ക്കും - അങ്ങനെ എന്റെ ജീവിതം പുരോഗമിക്കും!" ലോകത്തിനു ആവശ്യം എന്തെന്നാൽ മിക്ക പൗരന്മാരും തലയാട്ടി പറയണം, "എന്റെ രാജ്യത്തിന് ഏറ്റവും നല്ലത് ഏതാണോ അതാണെനിക്കു വേണ്ടത്. എനിക്ക് എന്റെ അവകാശങ്ങൾ അറിയാം, എന്നാൽ എന്റെ രാജ്യത്തെ ശക്തിപ്പെടുത്തേണ്ടതിനു എന്റെ ചില അവകാശങ്ങളെ ഞാൻ ബലി കഴിക്കാൻ ഞാൻ നിർബന്ധിതനാണ്." പ്രത്യേകിച്ച് ക്രിസ്ത്യാനികൾ താമസിക്കുന്ന സമൂഹത്തിനും, സഭയ്ക്കും, കുടുംബങ്ങൾക്കും ശക്തി കിട്ടുമെങ്കിൽ അവർ തങ്ങളുടെ അവകാശങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാവും!

## പൗരത്വത്തിന്റെ ഉത്തരവാദിത്വങ്ങൾ

പൗരന്മാർക്കു ചില അവകാശങ്ങൾ ഉണ്ടെന്ന തത്വത്തിൽ നാം ഇറങ്ങിച്ചെന്നു പൗരന്മാർക്കു ഒഴിഞ്ഞുമാറാനാവാത്ത ചില ഉത്തരവാദിത്തങ്ങളുണ്ടെന്ന് നമുക്കു തീർച്ചപ്പെടുത്താം. ഉത്തരവാദിത്തങ്ങൾ സ്വീകരിക്കാൻ മനസില്ലാത്തവർ, അവകാശങ്ങൾക്കായി ശഠിക്കരുത്.

ഉദാഹരണമായി, പൗരന്മാർക്കു ഗവൺമെന്റിനോടു ഉത്തരവാദിത്വങ്ങൾ ഉണ്ട്:

> നമുക്കു ഗവൺമെന്റിനോടുള്ള അടിസ്ഥാന ഉത്തരവാദിത്വത്തെ മൂന്നു വാക്കുകളിൽ ചുരുക്കാം - *നല്കുക, പ്രാർത്ഥിക്കുക, അനുസരിക്കുക*: (1) നാം നമ്മുടെ നികുതി *കൊടുക്കണം.* യേശു ഇതു മത്തായി 22:17-21-ൽ പറഞ്ഞു, പൗലൊസ് റോമർ 13:6, 7-ൽ വീണ്ടും ഊന്നി പറയുന്നുണ്ട്. (2) നാം എല്ലാ ഭരണാധികാരികൾക്കും വേണ്ടി *പ്രാർത്ഥിക്കണം* (1 തിമൊഥെയൊസ് 2:1, 2). (3) രാജ്യത്തിന്റെ നിയമം നാം *അനുസരിക്കണം.*[19] പൗലൊസ് [റോമർ 13:1-5 -ൽ] തുറന്നു പഠിപ്പിക്കുന്നതുകൂടാതെ, പത്രൊസ് എഴുതി, "സകല മാനുഷ നിയമത്തിനും കർത്താവിൽ നിമിത്തം കീഴടങ്ങുവിൻ ശ്രേഷ്ഠാധികാരി എന്നു വെച്ചു, രാജാവിനും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനും ആയി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു, നാടുവാഴികൾക്കും ... കീഴടങ്ങുവിൻ എന്നുള്ളതു ദൈവേഷ്ടം ആകുന്നു ..." (1 പത്രൊസ് 2:13-15).

പൗരന്മാരുടെ അടിസ്ഥാന ഉത്തരവാദിത്വം പ്രകടിപ്പിക്കുന്ന മറ്റൊരു വഴി *നല്ല* പൗരന്മാരായിത്തീരുക എന്നതാണ്. ലൗകിക ഗവൺമെന്റിനെ

ക്കുറിച്ചു, പൗലൊസ് പറഞ്ഞു, "അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക, എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും" (റോമർ 13:3). പത്രൊസ് എഴുതി,

> സകല മാനുഷ നിയമത്തിന്നും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ, ... അവനാൽ അയക്കപ്പെട്ടവർ എന്നു വെച്ചു ... നന്മ ചെയ്തവരുടെ മാനത്തിനായി. നിങ്ങൾ നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കണം അതല്ലൊ ദൈവേഷ്ടം (1 പത്രൊസ് 2:13-15).

പൗലൊസ് ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്നു, പറഞ്ഞു, "സഹോദരന്മാരെ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു" (പ്രവൃത്തികൾ 23:1). അക്ഷരികമായി, അപ്പൊസ്തലൻ പറഞ്ഞു, "ഞാൻ ഇന്നേ ദിവസത്തോളം ദൈവമുൻപാകെ പൂർണ്ണമായും ഒരു നല്ല മനസ്സാക്ഷിയുള്ള *പൗരനായി* ജീവിച്ചു" (ഊന്നൽ എന്റേത്).[20] ഒരാൾ പൗലൊസിനെ റോമാ പൗരനായിട്ടോ, തർസൊസ് പൗരനായിട്ടോ (21:39), അല്ലെങ്കിൽ യെഹൂദപൗരനായിട്ടോ കാണട്ടെ, ചുമത്തപ്പെട്ട കുറ്റങ്ങളെ സംബന്ധിച്ച് – മതപരമായാലും ലൗകികമായാലും താൻ നിരപരാധി ആണെന്നു അവൻ പറഞ്ഞു.

ക്രിസ്ത്യാനികൾക്കുള്ള ദൈവേഷ്ടം അധികവും നേരിട്ട് ഒരു രാജ്യത്തെ ശക്തിപ്പെടുത്തുന്നതാണ്: ഉപജീവനത്തിനു ജോലി ചെയ്യുന്നത് (2 തെസ്സലൊനിക്യർ 3:10), സ്വന്ത കുടുംബത്തിനു വേണ്ടി കരുതുന്നതു (1 തിമൊഥെയൊസ് 5:8), മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കൽ (1 കൊരിന്ത്യർ 13:5), ശക്തമായ ഭവനത്തെ രൂപപ്പെടുത്തൽ (എഫേസ്യർ 5:22–6:4); സമാധാനജീവിതം നയിക്കൽ (റോമർ 12:18); മുതലായവ. ഒരു ക്രിസ്ത്യാനിക്ക് തന്റെ രാജ്യത്തിനു നല്കാവുന്ന ഏറ്റവും വലിയ സംഭാവനയാണ് നീതി (സദൃശവാക്യങ്ങൾ 14:34)![21]

പ്രവൃത്തികളുടെ പുസ്തകത്തിലെങ്ങും, ക്രിസ്ത്യാനികൾ കുഴപ്പം ഉണ്ടാക്കിയവരായിട്ടല്ല അറിയപ്പെട്ടത്, അവർ ലഹളയോ, പ്രക്ഷോഭമോ നടത്തുവാൻ പദ്ധതിയും ഇട്ടിരുന്നില്ല. അത്തരം പ്രവൃത്തികളിലേർപ്പെട്ടവർ അതു ക്രിസ്ത്യാനികളിൽ കെട്ടിവെക്കുകയായിരുന്നു, എന്നാൽ ക്രിസ്ത്യാനികളിൽ ദൈവ – ഭക്തരും, നിയമം – പാലിക്കുന്നവരും ആയിരുന്നു. ഒരു നല്ല ക്രിസ്ത്യാനി ഒരു നല്ല പൗരനായിരിക്കും എന്നു ലോകത്തെ അറിയിക്കുവാൻ ലൂക്കൊസ് ആഗ്രഹിച്ചു.

**ഉപസംഹാരം**

''എന്റെ രാജ്യത്തിൽ ഞാൻ ഒരു നല്ല പൗരനാകയാൽ *സന്തോഷിക്കുന്നു*" എന്നു, നിങ്ങൾക്കു പറയാൻ കഴിയും എന്നു ഞാൻ ആശിക്കുന്നു. അങ്ങനെ നിങ്ങളുടെ കഴിവനുസരിച്ചു നല്ല പൗരനായി പ്രവർത്തിക്കാൻ നിങ്ങൾക്കു കഴിയുമെന്നു ഞാൻ ആശിക്കുന്നു.

ഭൗമിക പൗരത്വത്തിനു പ്രാധാന്യം ഉണ്ടായിരുന്നതുപോലെ, അതി

നെക്കാൾ പ്രാധാന്യം സ്വർഗ്ഗീയ പൗരത്വത്തിനുണ്ടെന്നു നാം തിരിച്ചറിയണം![22] റോമൻ കോളനിയിൽ പൗരന്മാരായിരിക്കുന്നതിൽ ഫിലിപ്പിയയിലുള്ളവർ അഭിമാനം കൊണ്ടിരുന്നു, എന്നാൽ പൗലൊസ് അവരെ അറിയിക്കാൻ ആഗ്രഹിച്ചത് "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെ നിന്നു കർത്താവായ യേശുക്രിസ്തു, രക്ഷിതാവായി വരും എന്നു നാം അറിഞ്ഞിരിക്കുന്നു" (ഫിലിപ്പിയർ 3:20). എഫെസൊസിലെ ക്രിസ്ത്യാനികളോട് അവൻ പറഞ്ഞു, "വിശുദ്ധന്മാരുടെ സഹപൗരന്മാരത്രെ" (എഫെസ്യർ 2:19). ഭൂമിയിൽ "നിങ്ങൾ അന്യന്മാരും പരദേശികളും അത്രേ" (എബ്രായർ 11:13), എന്നാൽ നമ്മുടെ "പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കൊസ് 10:20; കൂടാതെ എബ്രായർ 12:23; വെളിപ്പാട് 13:8; 20:12, 15; 21:27).

സ്വർഗ്ഗീയ രാജ്യത്തിലെ പൗരന്മാരുടെ എല്ലാ അവകാശങ്ങളും നിരത്തുവാൻ സമയം അനുവദിക്കുന്നില്ല. ദൈവത്തെ പിതാവേ എന്നു വിളിക്കുവാനുള്ള അവകാശം നമുക്കു ഉണ്ട് (മത്തായി 6:9). ദൈവവാഗ്ദാനങ്ങൾ ആവശ്യപ്പെടാൻ നമുക്ക് അവകാശമുണ്ട് (എബ്രായർ 8:6; 2 പത്രൊസ് 1:4). ദൈവാനുഗ്രഹങ്ങൾ വിലപ്പെട്ടതാണെന്നു കരുതുവാനുള്ള അവകാശം നമുക്കു ഉണ്ട് (എഫെസ്യർ 1:3). പൗരന്മാരായി, നാം ആ "ശ്രേഷ്ഠമേറിയ, ... സ്വർഗ്ഗീയ നാട്ടിലേക്കു" നാം സഞ്ചരിക്കുകയാണ് (എബ്രായർ 11:16; കൂടാതെ എബ്രായർ 13:14).

നമ്മുടെ അവകാശങ്ങളോടു ഏറ്റവും അടുത്തിരിക്കുന്നതാണ് ഉത്തരവാദിത്വങ്ങൾ. പൗലൊസ് ഫിലിപ്പിയയിലുള്ളവരോട് "നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ ആണ്" എന്നു പറഞ്ഞപ്പോൾ (ഫിലിപ്പിയർ 3:20), അവൻ അവർക്കു ഒരു വെല്ലുവിളിയാണ് കൊടുത്തത്: "ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ" (ഫിലിപ്പിയർ 1:27). അക്ഷരികമായി, അവൻ പറഞ്ഞു, "*പൗരന്മാരായിത്തന്നെയുള്ള* പെരുമാറ്റം ഉറപ്പാക്കുക" (ബെർക്ക്ലെ വെർഷൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്; ഊന്നൽ എന്റേത്).[23] കർത്താവിന്റെ രാജ്യത്തിലെ പൗരന്മാരായി ജീവിക്കുന്നതിൽ ദൈവവചന പരിശോധനയും (പ്രവൃത്തികൾ 17:11), കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിക്കുന്നതും (2 കൊരിന്ത്യർ 1:3, 4), വിശുദ്ധന്മാരുമൊത്തു കൂടിവരുന്നതും (എബ്രായർ 10:25), തി ന്മയോടു പോരാടുന്നതും (1 തിമൊഥെയൊസ് 6:12) അതിൽപെടുന്നു.[24]

ഭൗമികമായ പൗരത്വം തിരഞ്ഞെടുക്കുവാൻ നിങ്ങൾക്കു കഴിഞ്ഞെന്നു വരികയില്ലായിരിക്കാം, എന്നാൽ സ്വർഗ്ഗീയ പൗരത്വം തിരഞ്ഞെടുക്കുവാൻ കഴിയും. സ്വർഗ്ഗീയ പൗരത്വത്തിലെ അവകാശങ്ങൾ വേണോ വേണ്ടയോ എന്നു നിങ്ങൾ തീരുമാനിക്കുക അല്ലെങ്കിൽ പൗരത്വത്തിന്റെ ഉത്തരവാദിത്വങ്ങൾ നിങ്ങൾ സ്വീകരിക്കാൻ തയ്യാറാണോ അല്ലയോ എന്നു തീരുമാനിക്കുക. നിങ്ങൾ ദൈവരാജ്യത്തിലെ പൗരൻ അല്ലെങ്കിൽ,[25] ആത്മ - ശ്വാസിയ വചനം പറയുന്നതനുസരിച്ചു (പ്രവൃത്തികൾ 2:38) വെള്ളത്താലും ആത്മാവിനാലും "വീണ്ടും ജനിക്കുവാൻ" ഞാൻ നിങ്ങളോട് അപേക്ഷിക്കയാണ് (യോഹന്നാൻ 3:3). യേശു പറഞ്ഞു, "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ, നിങ്ങൾക്കു ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധ്യമല്ല" (യോഹന്നാൻ 3:5).

നിങ്ങൾ അവന്റെ രാജ്യത്തിൽ ആയിത്തീർന്നുവെങ്കിൽ, "നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു, ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ, ഭൂമിയിലുള്ളതല്ല" (കൊലൊസ്യർ 3:1, 2). മറിച്ച്, നിങ്ങൾ രാജ്യത്തിന്റെ പൗരൻ ആണെങ്കിലും ഒരു *നല്ല* പൗരൻ അല്ലെങ്കിൽ, പിന്നെ "നിങ്ങൾ ... ഏതിൽ വീണിരിക്കുന്നു എന്നോർത്ത്, മാനസാന്തരപ്പെട്ടു നിന്റെ ആദ്യത്തെ പ്രവൃത്തി ചെയ്യുക; ..." (വെളിപ്പാട് 2:5; കൂടാതെ പ്രവൃത്തികൾ 8:22)!

നിങ്ങൾ എന്റെ സഹപൗരൻ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു; എന്നെങ്കിലും നിങ്ങളെ സ്വർഗ്ഗത്തിൽ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു!

---

കുറിപ്പുകൾ

[1]റുമേനിയയിലെ, ബ്രാസോവിൽ, 1994 ജൂലായ് 30 ന്, ക്രിസ്റ്റിനാ ബൂണിയുമായി നടത്തിയ അഭിമുഖം. [2]പുതിയ നിയമത്തിലെ "പൗരന്മാർ" അല്ലെങ്കിൽ "പൗരത്വം" എന്നീ വാക്കുകൾ എല്ലാം ഗ്രീക്കുപദമായ *പോളിസ്* എന്നതിൽ നിന്നും വന്നതാണ്, അർത്ഥം "പട്ടണം" എന്നാണ് (തീർച്ചയായും, ഇംഗ്ലീഷ് വാക്കായ "സിറ്റിസൺ" എന്നതു "സിറ്റി" എന്നതിന്റെ രൂപഭേദമാണ്). [3]പൗലൊസിന്റെ പൗരത്വത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കു "പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ "ശിഷ്യത്വത്തിലേക്കുള്ള വഴിയിൽ" എന്ന പാഠം നോക്കുക. [4]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ദൈവസഹായത്താൽ ജീവിതങ്ങളെ മാറ്റൽ" എന്ന പാഠത്തിലെ പ്രവൃത്തികൾ 16:35-40 ന്റെ നോട്ടുകൾ നോക്കുക. [5]"പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "എങ്ങനെ പ്രതിവാദം നടത്തണം" എന്ന പാഠത്തിലെ പ്രവൃത്തികൾ 22:24-29 ന്റെ നോട്ടുകൾ നോക്കുക. [6]"പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "ആവർത്തനം-അല്ലെങ്കിൽ ഓർമ്മി പ്പിക്കൽ?" എന്ന പാഠത്തിലെ പ്രവൃത്തികൾ 25:10-12 ന്റെ നോട്ടുകൾ നോക്കുക. [7]ജി.എച്ച്.ട്രെവെർ, "സിറ്റിസെൻഷിപ്പ്," *ഇന്റർനാഷണൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ഇഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1960), 1:661. [8]ഇന്നു ലോകത്തിന്റെ ചില ഭാഗത്തു, മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ ഈ അവകാശങ്ങൾ എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നുണ്ട്. [9]ജെ. ഡബ്ലിയു. മെക്ഗാർവെ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി., എൻ.ഡി.), 221-22. [10]ആർ. ബി.രാഖാം, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ബേക്കർ ബുക്ക് ഹൗസ്, 1964), 452.

[11]അവർ മജിസ്ട്രേറ്റിനോടു പറയുകയും കേൾക്കുകയും ചെയ്തിരിക്കാൻ സാധ്യതയുണ്ട്, പക്ഷെ വെറുതെ അവർ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. എങ്ങനെയായാലും, 16:38, അവരുടെ റോമാ പൗരത്വത്തെക്കുറിച്ചു മജിസ്ട്രേറ്റ് കേട്ടു എന്നു വിശ്വസിക്കാൻ കഴിയുന്നില്ല. [12]1 കൊരിന്ത്യർ 8 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വിഷയം വിഗ്രഹങ്ങൾക്കു മുമ്പിൽ വെച്ച

മാംസത്തെയാണ്. ചന്തയിൽ വില്ക്കുന്നതിൽ ഏറ്റവും നല്ല മാംസം വിഗ്രഹങ്ങൾക്കു മുൻപിൽ സമർപ്പിച്ചതായിരുന്നു. ഇതു മുൻപു വിഗ്രഹങ്ങളെ സേവിച്ചിരുന്ന പുതിയ ക്രിസ്ത്യാനികൾക്കു ഇതു പ്രശ്നമുണ്ടാക്കി; അവർ ഭക്ഷിക്കുന്ന മാംസത്തിന്റെ ഉറവിടം മനസിലാക്കുന്നതിൽ അവർക്കു വിഷമം നേരിട്ടു. [13]*സന്തോഷം* എല്ലാ പൗരന്മാരുടേയും അവകാശമല്ല - സന്തോഷത്തെ *പിൻപറ്റുവാനുള്ള* അവകാശം മാത്രമാണ്. [14]അമേരിക്കൻ ഭരണഘടനയിലെ ആദ്യത്തെ എട്ടു ഉപക്ഷേപങ്ങളിൽ പേരെടുത്തു പറഞ്ഞിരിക്കുന്നതാണ് "ബിൽ ഓഫ് റൈറ്റ്സ്." [15]ഇവയെ ചിലപ്പോൾ "ദ ഫോർ ഫ്രീഡംസ്" എന്നു വിളിച്ചിട്ടുണ്ട്. [16]അവകാശം ആറാമത്തെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ പാഠത്തിലെ റോമാപൗരന്റെ അവകാശങ്ങൾക്കു തുല്യമായ വാക്കുകളാണുള്ളത്: "കുറ്റത്തിന്റെ കാരണവും സ്വഭാവവും അറിയുവാൻ," "തനിക്കെതിരെ സാക്ഷി പറഞ്ഞവരെ എതിരിടുവാൻ" ഉള്ള അവകാശം, മുതലായവ. [17]കേൾവിക്കാർക്കു ആസ്വാദ്യകരമായ പ്രകൃതിദത്തവും രാഷ്ട്രീയവുമായവ ചുരുക്കി പറയാം. മറ്റുള്ള രാജ്യത്തുള്ള എല്ലാ അവകാശങ്ങളെയും പറഞ്ഞു അതൃപ്തിയുണ്ടാക്കുക എന്നതിലുള്ള ഉദ്ദേശം, എന്നാൽ അവർക്കുള്ള അവകാശത്തെ അനുമോദിക്കുക എന്നതാണ്. [18]ഇവിടെ ചിന്തിക്കേണ്ട ചിലതുണ്ട്: എന്താണ് നിയമം എന്നും അവന്റെ അവകാശം എന്താണെന്നും പൗലൊസ് അറിഞ്ഞിരുന്നു. ക്രിസ്ത്യാനികൾക്കു നിയമത്തെക്കുറിച്ചുള്ള ചില അടിസ്ഥാന അറിവുകൾ വിലയുള്ളതാണ്. [19]രാജ്യത്തിന്റെ നിയമം ദൈവനിയമത്തെ ലംഘിക്കുന്നതായി വരുമ്പോൾ ഒഴികഴിവുണ്ട് (പ്രവൃത്തികൾ 5:29). [20]"ലിവ്ഡ്" എന്നത് ഗ്രീക്ക് വാക്കായ *പോളിസ്* തർജ്ജിമ ചെയ്തതിന്റെ വകഭേദമാണ്. "പ്രവൃത്തികൾ, 5-ാം" ലക്കത്തിലെ "യെരുശലേമിൽ ത്യജിക്കപ്പെട്ടു" എന്ന പാഠത്തിലെ പ്രവൃത്തികൾ 23:1 ന്റെ നോട്ടുകളും ഈ പാഠത്തിലെ കുറിപ്പുകൾ 2 ഉം നോക്കുക.

[21]അടിസ്ഥാന ക്രിസ്തീയ ഉത്തരവാദിത്വങ്ങളെ പഠിപ്പിക്കുമ്പോൾ ഈ പോയിന്റ് വേണമെങ്കിൽ വിപുലീകരിക്കാം. [22]ശ്രോതാക്കൾക്ക് പ്രകൃതിദത്തമായും രാഷ്ട്രീയമായും സമൃദ്ധമായ അവകാശങ്ങൾ ഇല്ലെങ്കിൽ, ഈ ഭാഗത്തിന്റെ പ്രാധാന്യം "ഈ ഭൂമിയിലെ പൗരത്വത്തിൽ നിങ്ങൾക്കു അനവധി അനുഗ്രഹങ്ങൾ ഇല്ലായിരിക്കാം, എന്നാൽ സ്വർഗ്ഗീയ രാജ്യത്തിൽ നിങ്ങൾക്കുള്ള അനുഗ്രഹങ്ങൾ ഞാൻ പറയട്ടെ!" [23]*പോളിസ്* എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തു കിട്ടിയതാണ് "കണ്ടയ്റ്റ് യുവെഴ്സൽസ്." [24]ഈ ഭാഗത്തുള്ള സ്വർഗ്ഗീയ പൗരത്വത്തിലെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും വിപുലീകരിക്കാം. [25]ആവശ്യമെങ്കിൽ, ഈ സഭയെ സൂചിപ്പിക്കുന്നതാണെന്നു വിശദമാക്കാം. "പ്രവൃത്തികൾ, 1" ലെ "രാജ്യം/സഭയുടെ സ്ഥാപനത്തിന്റെ" നോട്ടുകൾ നോക്കുക.

© 2009 Truth for Today